# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5841

### 19-11-2019 ൽ മറുപടിക്ക്

### കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| കിഫ്ബി പദ്ധതിയിൽ ഫണ്ട് കണ്ടെത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി വഴി കിഫ്ബിയിലേക്ക് സർക്കാർ പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അൻപതിനായിരം കോടി രൂപയുടെ പദ്ധതികളിൽ പതിനായിരം കോടി രൂപ കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടിയിലൂടെ സമാഹരിക്കുന്നതിനായാണ് ലക്ഷ്യമിട്ടുന്നത്. 2018 നവംബർ മാസം മുതൽ നാളിതുവരെ 64.61 കോടി രൂപ കിഫ്ബിയിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്.<br><br>തുടക്ക ഘട്ടത്തിൽ ഗൾഫ് രാജ്യങ്ങളിൽ മാത്രമായി ആരംഭിച്ച പ്രവാസി ചിട്ടിയിൽ ഒരു വർഷം പിന്നിടുമ്പോൾ ഇന്ന് ലോകത്തിന്റെ ഏതു കോണിലുള്ള പ്രവാസിക്കും പങ്കുചേരുവാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കും നിലവിൽ പ്രവാസി ചിട്ടിയിൽ ചേരുവാനുള്ള അവസരമുണ്ട്. പെൻഷൻ ചിട്ടിപോലെയുള്ള സംവിധാനങ്ങളും കൂടുതൽ ആകർഷകമായ ആനുകൂല്യങ്ങളും അവതരിപ്പിക്കുന്നതിലൂടെ കാലക്രമേണ ലക്ഷ്യം വെച്ചിരിക്കുന്ന ധനസമാഹരണം പ്രവാസി ചിട്ടിയുടെ നേടിയെടുക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ